നം.കെ.എസ്.എ.പി.റ്റി.എ.പി.**7-1181/17** തീയതി:**04.11.2017**

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് **(1994-**ലെ കേരള പഞ്ചായത്ത് രാജ് നിയമം **215(4) -** വകുപ്പ്**, 1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്**, 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* | ശ്രീ. ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.ഗ്രാമപഞ്ചായത്ത് 5.12.2016 മുതൽ 31.8.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| *ഓഡിറ്റിന് വിനിയോഗിച്ച സമയം* | *ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം* |
|---|---|
| 13.9.2017 മുതൽ 20.9.2017 വരെ | ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മഹേഷ് കുമാർ കെ ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഹരികുമാർ ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി എം എസ് സുജാത | 1.4.2016 മുതൽ 31.3.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി മേരിക്കുട്ടി | 1.4.2016 മുതൽ 31.3.2017 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| കൃഷി ഓഫീസർ | |
| ശ്രീമതി മഞ്ജുദേവി | 1.4.2016 മുതൽ 23.12.2016 വരെ |
| ശ്രീമതി ബീനാ മേരി ജോർജ്ജ് | 24.12.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ **(**പി.എച്ച്.സി**)** | |
| ഡോ. ഷാനി ഹമീദ് | 1.4.2016 മുതൽ 27.5.2016 വരെ |
| ഡോ. ലക്ഷ്മി ആർ | 28.5.2016 മുതൽ 6.1.2017 വരെ |
| ഡോ. വീണ | 7.1.2017 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | |
| ശ്രീ. നിസാം | 1.4.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| ശ്രീ. ജിജുമോൻ ജോർജ്ജ് | 1.4.2016 മുതൽ 4.4.2016 വരെ |

| | |
|---|---|
| ശ്രീ. അനിൽ എബ്രഹാം | 5.4.2016 മുതൽ 3.6.2016 വരെ |
| ശ്രീ. ഹാരിസ് പി | 4.6.2016 മുതൽ 2.1.2017 വരെ |
| ശ്രീ. ധനേഷ് | 3.1.2017 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | |
| ഡോ. വിനി ആന് വർഗ്ഗീസ് | 1.4.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| ശ്രീമതി പ്രീതാകുമാരി | 1.4.2016 മുതൽ 26.7.2016 വരെ |
| ശ്രീമതി രജനിമോൾ | 27.7.2016 മുതൽ 5.9.2016 വരെ |
| ശ്രീമതി രേഖാ | 6.9.2016 മുതൽ 7.12.2016 വരെ |
| ശ്രീമതി ചിത്രാകുമാരി | 8.12.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | |
| ഡോ. അജിത ഐ എസ് | 1.4.2016 മുതൽ 26.3.2017 വരെ |
| ഡോ. സജി വി ഒ | 27.3.2017 മുതൽ 31.3.2017 വരെ |
| ഹെഡ് മാസ്റ്റർ, ജിയുപിഎസ് | |
| ശ്രീ. സജീവ് | 1.4.2016 മുതൽ 31.3.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല്ല ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ്- 2016-17
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2016-17
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2016-17
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

സൂചിക

| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം-**1** | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |

| | | |
|---|---|---|
| 8 | തനത് വരുമാനം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-**2** | |
| 12 | PWD റോഡിന്റെ അതിരു നിർണ്ണയിക്കാതെയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിയ്ക്കാതെയും നിർമ്മിച്ച ഇരുനില വാണിജ്യ കെട്ടിടത്തിന് പെർമിറ്റ്,കെട്ടിട നമ്പർ എന്നിവ അനുവദിച്ചു നൽകി. | 2-1 |
| 13 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടങ്ങൾക്കു സെക്രട്ടറി നമ്പരിട്ടു നൽകി. | 2-2 |
| 14 | D&O ലൈസൻസ് നൽകിയതിലെ അപാകതകൾ | 2-3 |
| 15 | ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിന്റെ ഫൈനൽ നിരാക്ഷേപ പത്രം ഇല്ലാതെ ടാർ മിക്സിംഗ് യൂണിറ്റിന് ലൈസൻസ് നൽകി | 2-4 |
| 16 | നിയമപ്രകാരമുള്ള രേഖകൾ ലഭ്യമാക്കാതെ വാണിജ്യ/വ്യവസായ കെട്ടിടങ്ങൾക്കു ബിൽഡിംഗ് പെർമിറ്റ് നൽകി | 2-5 |
| | ഭാഗം-**3** | |
| 17 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ–കുറഞ്ഞ നിരക്കിലുള്ള<br><br>സൈക്കിളുകൾ വാങ്ങാത്തത് നഷ്ടത്തിന് വഴിയൊരുക്കി. | 3-1 |
| 18 | പാലിയേറ്റീവ് കെയർ വാഹന വാടക-മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നൽകിയത് നിരാകരിക്കുന്നു. | 3-2 |
| 19 | തെരുവ് വിളക്കുകളുടെ മീറ്ററിംഗ് പ്രവൃത്തി ആരംഭിച്ചിട്ടില്ല. | 3-3 |
| 20 | പൂരക പോഷകാഹാരം-കേന്ദ്ര വിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല. | 3-4 |
| 21 | ഒ.ഡി.എഫ് പദ്ധതി-പണി പൂർത്തീകരിക്കാൻ ബാക്കി നിൽക്കുന്നു. | 3-5 |
| 22 | എസ്.എസ്.എ പദ്ധതിയുടെ നടത്തിപ്പിൽ വീഴ്ച. | 3-6 |
| 23 | റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച. | 3-7 |
| 24 | ആശ്രയ പദ്ധതി - അവലോകനം | 3-8 |
| | ഭാഗം-**4** | |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 29 | ഓഡിറ്റ് റിക്കവറി | 4-5 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |



## ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2016-17വർഷത്തെ ബഡ്ജറ്റ് -29.02.2016ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |
| മുന്നിരിപ്പ് | 2301906.50 | 3754680 | 1452773.5 | | 63.11 |
| വരവ് | 60487454 | 27091172 | | 33396282 | (-)55.21 |
| ആകെ | 62789360.5 | 30845852 | | 31943508.5 | (-)50.87 |
| ചെലവ് | 60145546 | 27429980 | | 32715566 | (-)54.39 |
| നീക്കിയിരിപ്പ് | 2643814.5 | 3415872 | 772057.5 | | 29.2 |

മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു.പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്) |
|---|---|---|
| 2016-17 | 31.7.2017 | 30.6.2017 |

## 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ താഴെ പറയുന്നു.

1. വസ്തുനികുതി ഡിമാന്റ്, ബാലൻസ് തുകകൾ കൃത്യമായി കണക്കാക്കിയിട്ടില്ല. ആയതിനാൽ I-1, B-15 എന്നീ ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ തുകകളുമായി വാർഷികകണക്കിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

2. ഷെഡ്യൂൾ ബി-11-ൽ മുൻ വർഷം വാഹനത്തിന് ഡിപ്രിയിസിയേഷൻ നൽകിയിട്ടുണ്ടെങ്കിലും ആയതിന് മുൻപുള്ള തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3. നിരവധി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ തൻ വർഷം നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഷെഡ്യൂൾ ബി-11-ൽ റോഡ് കോൺക്രീറ്റിംഗ് തുകയിൽ മാറ്റം വരുത്തിയിട്ടില്ല.

വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | *2016-17* |
|---|---|
| മുന്നിരിപ്പ് | 3754680 |
| വരവ് | 27091172 |
| ആകെ | 30845852 |
| ചെലവ് | 27429980 |
| നീക്കിയിരിപ്പ് | 3415872 |

## 1-5 ഫണ്ട് വിനിയോഗം

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 6804762 | 6804762 | 5968268 | 836494 | 88 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3524664 | 3524664 | 1694188 | 1830476 | 48 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5839593 | 5839593 | 4328903 | 1510690 | 74 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2554755 | 2554755 | 1691381 | 863374 | 66 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3816717 | 3816717 | 1132700 | 2684017 | 30 |
| ലോക ബാങ്ക് സഹായം | 0 | 2030563 | 2030563 | 364965 | 1665598 | 18 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 120 | 37243383 | 70 | 16211762 | 50 | 58.33 |

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 11 | 2602241 | 10 | 1612089 | 61.95 |
| സേവനം | 47 | 21838710 | 31 | 9423716 | 43.15 |
| പശ്ചാത്തലം | 62 | 12802432 | 29 | 5175957 | 40.43 |
| ആകെ | **120** | **37243383** | **70** | **16211762** | **43.53** |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 34 | 14 | 10531593 | 2483064 | 23.58 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 2460664 | 1389000 | 56.45 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 54 | 27 | 15425265 | 5482817 | 35.54 |
| വി.ഇ.ഒ | 3 | 3 | 2315000 | 1732400 | 74.83 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 3 | 599400 | 561868 | 93.74 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 369755 | 369755 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4 | 3008465 | 2226569 | 74.01 |
| കൃഷി ഓഫീസർ | 3 | 3 | 358977 | 191125 | 53.24 |
| വെറ്ററിനറി സർജൻ | 3 | 3 | 327800 | 175500 | 53.54 |
| എച്ച്.എം, ഗവ. യുപിഎസ് | 3 | 3 | 765000 | 518200 | 67.74 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1081464 | 1081464 | 100 |
| ആകെ | **120** | **70** | **37243383** | **16211762** | **43.53** |

## 1-8 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| *ഇനം* | *മുൻവർഷം* | *തൻവർഷം* | *വ്യത്യാസം* | *ശതമാനം (+)/(-)* |
|---|---|---|---|---|
| നികുതി വരവുകൾ | 1824395 | 2532404 | 708009 | 38.81 |
| നികുതിയേതര വരവുകൾ | 177030 | 255645 | 78615 | 44.41 |
| മറ്റു വരവുകൾ | 310470 | 368768 | 58298 | 19 |
| ആകെ | 2311895 | 3156817 | 844922 | 36.55 |

## 1-9 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ക്രമ നം.* | *പദ്ധതി* | *2016-17 ൽ ലഭിച്ച അപേക്ഷകൾ* | *അംഗീകരിച്ച അപേക്ഷകൾ* | *ആകെ ഗുണഭോക്താക്കൾ* | *ചെലവ്* |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 11 | 10 | 333 | 3024470 |
| 2 | തൊഴിൽ രഹിത വേതനം | 15 | 13 | 107 | 170520 |
| 3 | വിധവാ പെൻഷൻ | 70 | 56 | 599 | 6146610 |
| 4 | വികലാംഗ പെൻഷൻ | 22 | 22 | 164 | 1507130 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | - | 9 | 977200 |
| 6 | വാർദ്ധക്യകാല പെൻഷൻ | 423 | 412 | 1228 | 14110585 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.9.2017-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 6614/- (ആറായിരത്തി അറുനൂറ്റി പതിനാല് ) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.7.2017 | 5/2017 | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.6.08-12.6.08 | 1997-98 – 2007-08 | 11.7.2008 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 PWD റോഡിന്റെ അതിരു നിർണ്ണയിക്കാതെയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിയ്ക്കാതെയും നിർമ്മിച്ച ഇരുനില വാണിജ്യ കെട്ടിടത്തിന് പെർമിറ്റ്,കെട്ടിട നമ്പർ എന്നിവ അനുവദിച്ചു നൽകി.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത ശ്രീ.റജി P. ഈശോയുടെ ബഹനിലകെട്ടിടത്തിനു ഗ്രാമപഞ്ചായത്ത് സെക്രട്ടറി നമ്പരിട്ടു നൽകിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. 15.06.2013 ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് (ആർ.എ) സർക്കുലർ പ്രകാരം (നം.32131/ആർ.എ.1/2012/തസ്വഭവ) കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനും പഞ്ചായത്തിലെ സാങ്കേതിക വിദഗ്ധർ പരിശോധന നടത്തിയതിനു ശേഷം മാത്രമെ സെക്രട്ടറി പെർമിറ്റ് നൽകാവൂ എന്ന് നിഷ്കർശിച്ചിട്ടുണ്ട്. കെട്ടിടത്തിനു നമ്പരിടുമ്പോഴും പെർമിറ്റ് നൽകിയ വിധത്തിലുള്ള സാങ്കേതിക നിബന്ധനകളോട്ടു കൂടിയാണോ കെട്ടിടം നിർമ്മിച്ചതെന്നു ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരിശോധിക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള സ്ഥലപരിശോധന റിപ്പോർട്ടില്ലാതെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് കെട്ടിടങ്ങൾക്കു നമ്പരിട്ടു നൽകി.കംപ്ളീഷൻ പ്ളാൻ ലഭിയ്ക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ചട്ടങ്ങൾക്കു വിധേയമാണോ എന്നു പരിശോധിച്ച ശേഷം തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതായിരുന്നു.(തദ്ദേശ സ്വയം ഭരണ(R.A)വകുപ്പ് നമ്പർ:12900/R.A1/2015/ത.സ്വ.ഭ.വ; തീയതി:02.12.2015).വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ക്രമ നമ്പർ* | *വാർഡിന്റെപേര്/കെട്ടിട നമ്പർ* | *ഏരിയ (in $m^2$)* | | *ഉടമയുടെ പേരും വിലാസവും* | *നിർണ്ണയിച്ച നികുതി* |
|---|---|---|---|---|---|
| 1 | IX/450 A | 33.39(GF) | GF-95.91m2 | ശ്രീ.റെജി പി ഈശോ,<br>പെരുമ്പെട്ടി,പാലയ്ക്കാമണ്ണിൽ. | 1203 |
| | IX/450 B | 15.44 (GF) | | | 556 |
| | IX/450 C | 47.08 (GF) | | | 1695 |
| | IX/450 D | 47.08(FF) | FF-171.23m2 | | 1611 |
| | IX/450 E | 43.14 (FF) | | | 1477 |
| | IX/450 F | 48.83 (FF) | | | 1671 |
| | IX/450 G | 32.18 (FF) | | | 1102 |
| | ആകെ | | 267.14m2 | | |

കൊറ്റനാട് പഞ്ചായത്തിലെ പെരുമ്പെട്ടി വില്ലേജിൽ പാലയ്ക്കാമണ്ണിൽ വീട്ടിൽ ശ്രീ.റെജി പി ഈശോയ്ക്ക് ബഹനില വാണിജ്യ കെട്ടിടം (സർവ്വെ നമ്പർ:232/3, 7.60 ആർ') നിർമ്മിക്കുന്നതിന് 03.06.2015 ൽ ബിൽഡിംഗ് പെർമിറ്റ് നൽകിയിരുന്നു. (No.A2-5151/14;03.06.2015, Ground Floor-206.41m2,First Floor-206.41m2). എന്നാൽ ബിൽഡിംഗ് പെർമിറ്റ് നൽകിയതിൽ ഗുരുതരമായ അപാകതകൾ കണ്ടു. കെട്ടിട നിർമ്മാണ അപേക്ഷയിൽ LSGD ഓവർസിയർ ശ്രീ.ജയരാജ് നടത്തിയ സ്ഥല പരിശോധന റിപ്പോർട്ട് പ്രകാരം പ്രസ്തുത പ്ളാനിൽ കാണിച്ചിരിക്കുന്ന കെട്ടിടത്തിന്റെ മുൻവശം തീയാടിക്കൽ-റാന്നി PWD റോഡാണെന്നും റോഡിന്റെ അതിർത്തി നിർണ്ണയിക്കാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ റോഡിന്റെ അതിർത്തി നിർണ്ണയിച്ചു നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് 16.02.2015 ൽ വെണ്ണിക്കുളം PWD അസിസ്റ്റന്റ് എഞ്ചിനീയർക്കു (Roads) ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിരുന്നു.(നം:A2-5151/14;16.02.2015). എന്നാൽ PWD വിഭാഗത്തിൽ നിന്നുള്ള മറുപടിയ്ക്കു കാത്തു നിൽക്കാതെ കെട്ടിടത്തിനു ബിൽഡിംഗ് പെർമിറ്റ് നൽകി. PWD റോഡിന്റെ അതിരു പരിശോധിക്കാതെ കെട്ടിടത്തിനു പെർമിറ്റ് നൽകിയ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.C.P സുനിൽ ൽ നിന്നും അടിയന്തിരമായി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.




ഇതിനു പുറമേ ഓവർസിയർ നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കൂടി ചൂണ്ടിക്കാണിച്ചിരുന്നു.

1.സൈറ്റിനു ആവശ്യമായ സെറ്റ്ബാക്ക് നൽകിയിട്ടില്ല. PWD അതിരു നിർണ്ണയിക്കാത്തതിനാൽ മുൻവശത്ത് 3 മീറ്റർ വിട്ടിട്ടുണ്ടോ എന്നുറപ്പാക്കിയിട്ടില്ല. പാർശ്വാങ്കണം വലത് ഭാഗത്തിന് ആവശ്യമായ കുറഞ്ഞ അകലം 1.5 മീറ്റർ ആണ്.എന്നാൽ അപേക്ഷകൻ ഈ ഭാഗത്ത് സ്ഥലം വിട്ടു നൽകിയിട്ടില്ല. ഉടമസ്ഥന്റെ തന്നെ മറ്റൊരു കെട്ടിടത്തോട് ചേർത്താണ് പുതിയ ഇരുനില കെട്ടിടവും നിർമ്മിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് നേരിട്ടു നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.
2.ആവശ്യമായ ടോയ്‌ലെറ്റ് ,സാനിട്ടേഷൻ സൗകര്യങ്ങൾ പ്ളാനിൽ നൽകിയിട്ടില്ല.
3.റെയിൻ വാട്ടർ സ്റ്റോറേജ് ടാങ്ക് വരച്ച് നൽകിയിട്ടില്ല.
4.ഫയർ എസ്കേപ്പ് സ്റ്റെയർകേസ് പ്ളാനിൽ കാണിച്ചിട്ടില്ല.
5.ഫയർ & റസ്ക്യൂ സർവ്വീസ് ഡിവിഷണൽ ഓഫീസറിൽ നിന്ന് അംഗീകാരം വാങ്ങിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ പരിഹരിച്ചു എന്നു എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടില്ലാതെ കെട്ടിടത്തിനു ബിൽഡിംഗ് പെർമിറ്റ് നൽകുകയും കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് 27.04.2016 ൽ കടമുറികൾക്ക് നമ്പർ ഇടുന്നതിന് ഉടമസ്ഥൻ അപേക്ഷ നൽകി. KPBR-2011 ലെ ചട്ടങ്ങൾ പാലിച്ചാണ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതെന്ന് 28.04.2016 ൽ A3 സെക്ഷൻ അന്വേഷണ റിപ്പോർട്ട് നൽകിയിരുന്നു. ടി അന്വേഷണ റിപ്പോർട്ടിൽ കെട്ടിടം PWD റോഡ് സൈഡിൽ ആയതിനാൽ വെണ്ണിക്കുളം,PWD Roads, അസിസ്റ്റന്റ് എഞ്ചിനീയർക്കു കത്തു നൽകുകയും ആയതിൻപ്രകാരം അപേക്ഷയോടൊപ്പം സമർപ്പിച്ച കംപ്ളീഷൻ പ്ളാൻ അംഗീകരിച്ചു നൽകിയിട്ടുണ്ട് എന്നും രേഖപ്പെടുത്തിയിരുന്നു. എന്നാൽ അങ്ങനെയൊരു അംഗീകാരം വാങ്ങിയതായി ഫയലിൽ രേഖകളില്ല. ഇപ്രകാരം തെറ്റായ റിപ്പോർട്ടു നൽകിയ സെക്ഷൻ ക്ളർക്ക് ശ്രീ.ജിനു ജെയിനിൽ നിന്നും രേഖകൾ പരിശോധിക്കാതെ കെട്ടിടത്തിനു നമ്പരിടാൻ നിർദ്ദേശം നൽകിയ സെക്രട്ടറി ശ്രീമതി.മേരിക്കുട്ടിയിൽ നിന്നും വിശദീകരണം വാങ്ങി ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

കംപ്ളീഷൻ പ്ളാൻ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനയ്ക്ക് കൈമാറാതെ ഈ രണ്ടു നില കെട്ടിടത്തിനു 29.04.2016 ൽ IX/450 A,B,C,D,E,F,G എന്നീ നമ്പറുകൾ നൽകി അധികൃതമാക്കി.ബിൽഡിംഗ് പെർമിറ്റിനെ അധികരിച്ചു നിർമ്മിച്ച 26.3m2 ക്രമവൽക്കരിക്കുന്നതിന് ₹158 രൂപ റഗുലറൈസേഷൻ ഫീ ഈടാക്കിയിട്ടുണ്ട്.(രസീത് നമ്പർ:11602100250/29.04.2016)

കംപ്ളീഷൻ പ്ളാൻ പ്രകാരം തറ വിസ്തീർണ്ണം 439.12m2 ആണ്. എന്നാൽ നികുതി നിർണ്ണയിച്ചിട്ടുള്ളത് ആകെ 267.14m2 നു മാത്രമാണ്.പോർച്ച് 68.09m2 ഒഴിവാക്കിയാൽതന്നെ 371.03 m2 നു നികുതി നിർണ്ണയിക്കേണ്ടിയിരുന്നു. നികുതി കണക്കാക്കേണ്ടിയിരുന്ന 68.09m2 കെട്ടിട ഭാഗം ഒഴിവാക്കിയത് (439.12-371.03) ഗുരുതരമായ ക്രമക്കേടായി ഓഡിറ്റ് വിലയിരുത്തുന്നു.

നിർമ്മിച്ച കെട്ടിടത്തിനു പിൻവശത്തായി പാർക്കിംഗ് ഷെഡ് എന്ന പേരിൽ 255.75m2 ഭാഗം നൽകിയിരുന്നു. എന്നാൽ ഈ ഭാഗം അലുമിനിയം ഷീറ്റ് ഇട്ട് റൂഫിംഗ് നൽകുകയും കമ്പി,സിമന്റ് തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതായും ബോദ്ധ്യപ്പെട്ടു. ഇങ്ങനെ പല വിധത്തിലുമുള്ള ചട്ട ലംഘനങ്ങൾ ഈ നിർമ്മാണത്തിൽ നടത്തിയിട്ടുണ്ടെന്നു ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്.ഈ വിഷയത്തിൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (നം:16/2017;20.09.2017) ഗ്രാമപഞ്ചായത്ത് അധികൃതർ മറുപടി ലഭ്യമാക്കിയിരുന്നില്ല.

നിയമാനുസൃതമാണോ കെട്ടിടങ്ങൾ നിർമ്മിച്ചതെന്നു പരിശോധിക്കാതെ ഇവയെ നികുതിവിധേയമാക്കിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ക്രമപ്രകാരമല്ല. ബിൽഡിംഗ് പെർമിറ്റു നൽകിയ സെക്രട്ടറിയിൽ നിന്നും കെട്ടിടത്തിനു നമ്പരിട്ടു നൽകിയ സെക്രട്ടറിയിൽ നിന്നും വിശദീകരണം വാങ്ങി ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിന്മേൽ ഭരണതലത്തിൽ (ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ,പഞ്ചായത്ത്) അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.ഉത്തരവാദികളായവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടങ്ങൾ നിർമ്മിച്ചത് ക്രമവിരുദ്ധമായാണോ എന്നു ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം പരിശോധിക്കുകയും തുടർ നിയമനടപടികൾ സ്വീകരിച്ച് ഓഡിറ്റിനു റിപ്പോർട്ടു നൽകേണ്ടതുമാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം സംബന്ധിച്ച് നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തേണ്ടതും കേരള


പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2011,റൂൾ-138 പ്രകാരമുള്ള നടപടികൾ പ്രസ്തുത A.E യുടെ റിപ്പോർട്ടിനെ ആധാരമാക്കി സ്വീകരിക്കേണ്ടതാണ്. കെട്ടിടത്തിന് നിയമാനുസൃതമായ നമ്പർ നൽകിയ നടപടി റദ്ദ് ചെയ്യേണ്ടതും കെട്ടിടത്തിനു U.A നമ്പർ നൽകി നിലവിൽ ഈടാക്കാവുന്ന നികുതിയുടെ രണ്ടിരട്ടി കൂടി വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം കെട്ടിടം നിയമാനുസൃതമാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രവും അനുബന്ധ രേഖകളും ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 2-2 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടങ്ങൾക്കു സെക്രട്ടറി നമ്പരിട്ടു നൽകി.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടങ്ങൾക്കു ഗ്രാമപഞ്ചായത്ത് സെക്രട്ടറി നമ്പരിട്ടു നൽകിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. 15.06.2013 ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് (ആർ.എ) സർക്കുലർ പ്രകാരം (നം.32131/ആർ.എ.1/2012/തസ്വഭവ) കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനും പഞ്ചായത്തിലെ സാങ്കേതിക വിദഗ്ധർ പരിശോധന നടത്തിയതിനു ശേഷം മാത്രമെ സെക്രട്ടറി പെർമിറ്റ് നൽകാവൂ എന്ന് നിഷ്കർശിച്ചിട്ടുണ്ട്. കെട്ടിടത്തിനു നമ്പരിടുമ്പോഴും പെർമിറ്റ് നൽകിയ വിധത്തിലുള്ള സാങ്കേതിക നിബന്ധനകളോടു കൂടിയാണോ കെട്ടിടം നിർമ്മിച്ചതെന്നു ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരിശോധിക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള സ്ഥലപരിശോധന റിപ്പോർട്ടില്ലാതെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് കെട്ടിടങ്ങൾക്കു നമ്പരിട്ടു നൽകി.കംപ്ലീഷൻ പ്ലാൻ ലഭിയ്ക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ചട്ടങ്ങൾക്കു വിധേയമാണോ എന്നു പരിശോധിച്ച ശേഷം തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതായിരുന്നു.(തദ്ദേശ സ്വയം ഭരണ(R.A)വകുപ്പ് നമ്പർ:12900/R.A1/2015/ത.സ്വ.ഭ.വ; തീയതി:02.12.2015).വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡിന്റെപേര്/കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തരം/ഏരിയ (in $m^2$) | ഉടമയുടെ പേരും വിലാസവും | നിർണ്ണയിച്ച നികുതി |
|---|---|---|---|---|
| 1 | II/392A<br>II/392B<br>II/392C<br>II/392D | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | C.A സലീം,അജ്മൽ മൻസിൽ,<br>പെരുമ്പെട്ടി പി ഒ | 27m2-648<br>38.77-931<br>38.77-931<br>43.27-1039 |
| 2 | IX/436A<br>630m2<br>പെരുമ്പെട്ടി വില്ലേജ്,സർവ്വെ നമ്പർ 232/5 | ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പ് | P.E<br>ഈശോ,പാലേട്ടുമണ്ണിൽ,തീയാടിക്കൽ. | 630m2-*വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത 2015-16 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. |
| 3 | 12/366<br>ചാലാപ്പള്ളി | ഓഫീസ് ആവശ്യത്തിനുള്ളവ | അശോക് കുമാർ C.G,വടക്കേപ്പുറത്ത് വിജയ വിലാസം,ചാലാപ്പള്ളി | 195.94m2-6467 |
| 4 | XIII/459 | വ്യവസായ ആവശ്യത്തിനുള്ള ഷെഡ്. | ജോർജ്ജ് തോമസ് & ആൻസി ജോർജ്ജ്,ചരിവു കാലായിൽ,കൊറ്റനാട്. | 162.5m2-975 |

A) ക്രമ നമ്പർ 1 പ്രകാരം ശ്രീ. C.A സലീം എന്ന വ്യക്തിയുടെ വാണിജ്യ വിഭാഗത്തിൽ പെടുന്ന കെട്ടിടത്തിനു (എക്സ്റ്റൻഷൻ,First Floor) നമ്പർ ഇട്ടു ഒക്കുപ്പൻസി നൽകിയിരിക്കുന്നു.കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്നുള്ള സ്ഥല പരിശോധന റിപ്പോർട്ട് ഇല്ലാതെയാണ് കെട്ടിടത്തിനെ നമ്പരിട്ടു നൽകിയത്. സെക്രട്ടറിയുടെ പേരോ ഓഫീസ് മുദ്രയോ രേഖപ്പെടുത്താത്ത ഓഫീസ് നോട്ടാണ് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുള്ളത്. സൈറ്റ് പ്ലാൻ പരിശോധിച്ചതിൽ നിന്നും കെട്ടിടത്തിന്റെ വലതു വശത്ത് 0.40മീറ്ററും ഇടതുവശത്തു നിന്ന് 0.45മീറ്ററും മാത്രമെ വിട്ടിട്ടുള്ളൂ എന്നു കാണുന്നു. ഇത് KPBR-2011 ലെ ചട്ടങ്ങളുടെ ലംഘനമാണ്. ഇതു മറികടക്കാനാണോ സൈറ്റ് വേരിഫിക്കേഷൻ റിപ്പോർട്ടില്ലാതെ കെട്ടിടത്തിനു നമ്പരിട്ടു നൽകിയതെന്ന് ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ്. ഈ കെട്ടിടത്തിനു നമ്പരിട്ടു നൽകിയ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.



30.10.2012 ലെ നമ്പർ:59177/R.A1/2013/ത.സ്വ.ഭ.വ, 30.12.2013 തീയതിയിലെ നം:75419/R.A1/2013/ത.സ്വ.ഭ.വ, എന്നീ സർക്കുലറുകളിൽ അനുശാസിക്കുന്നതു പ്രകാരം ഫയലിലെ എല്ലാ കുറിപ്പുകളുടേയും ഉത്തരവുകളുടേയും ചുവടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്,തസ്തിക,ഫോൺ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതായിരുന്നു.എന്നാൽ ഫയലിൽ അപ്രകാരം രേഖപ്പെടുത്താത്തതു മൂലം സെക്രട്ടറിയുടെ പേരു വിവരങ്ങൾ ലഭ്യമല്ല.

കംപ്ലീഷൻ പ്ലാൻ പ്രകാരം വാണിജ്യ കെട്ടിടമായിട്ടാണ് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ നികുതി കുറഞ്ഞ 'അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് ' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുകയും മുറികളെ ചെറിയ അളവിൽ (100 m2 ൽ താഴെ) വിസ്തീർണ്ണം കണക്കാക്കി നികുതി നിർണ്ണയിക്കുകയും ചെയ്തു. ഇതു മൂലം ഗ്രാമപഞ്ചായത്തിന് നികുതിയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരവിനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

| *ക്രമ നം* | *ഉടമസ്ഥന്റെ പേര്* | *വാർഡ് നമ്പരും കെട്ടിട നമ്പരും* | *കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ.)* | *നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീറ്ററിന് 20 രൂപാ നിരക്കിൽ)* | *നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ(ച.മീ.ന് 50 രൂപ നിരക്കിൽ)* | *കുറവ്* |
|---|---|---|---|---|---|---|
| 1 | C.A സലീം,അജ്മൽ മൻസിൽ,<br>പെരുമ്പെട്ടി പി ഒ | II/392A | 27 | 540+108<br>(20% Road)<br>=648 | 1350+270<br>(20% Road)<br>=1620 | 972 |
| | | II/392B | 38.77 | 775.4+155.08(20% Road)<br>=931 | 1938.5+387.7 (20% Road)<br>=2327 | 1396 |
| | | II/392C | 38.77 | 775.4+155.08(20% Road)<br>=931 | 1938.5+387.7 (20% Road)<br>=2327 | 1396 |
| | | II/392D | 43.27 | 865.4+173.08(20% Road)<br>=1039 | 2163.5+432.7(20% Road)<br>=2597 | 1558 |

നികുതി പുനനിർണ്ണയിച്ച ശേഷം ഈടാക്കിയ വിവരം ഓഡിറ്റിനു നൽകേണ്ടതാണ്.

B) ക്രമ നമ്പർ രണ്ട് പ്രകാരം പെട്രോൾ പമ്പിന് യാതൊരു വിധ സാങ്കേതിക പരിശോധനയും നടത്താതെ നികുതി നിർണ്ണയിച്ച് നിർമ്മാണത്തെ അധികൃതമാക്കിയതായി കണ്ടു. 04.05.2016 ൽ A3 സെക്ഷൻ സ്ഥല പരിശോധന നടത്തിയ റിപ്പോർട്ട് മാത്രമാണ് ഫയലിൽ ഉള്ളത്. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തിയിട്ടില്ല. ഇതിനായി ഫയൽ എഞ്ചിനീയറിംഗ് വിഭാഗത്തിനു കൈമാറിയിട്ടുമില്ല. ഫയർ & റസ്ക്യൂ ,കോട്ടയം ഡിവിഷണൽ ഓഫീസറുടെ 31.08.2015 ലെ No.4495/15 സാക്ഷ്യപത്രം പ്രകാരം പെട്രോൾ പമ്പിനു സ്റ്റോറേജ് ടാങ്കും വിതരണ കേന്ദ്രവും സ്ഥാപിച്ച ശേഷം ഫയർ പ്രൊട്ടക്ഷൻ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതേ ഡിപ്പാർട്ട്മെന്റിന്റെ FINAL NOC ഉടമസ്ഥൻ കരസ്ഥമാക്കുകയും വേണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ FINAL NOC വാങ്ങാതെയാണ് പെട്രോൾ പമ്പിനു പ്രവർത്തനാനുമതി നൽകിയിട്ടുള്ളത്. പത്തനംതിട്ട ജില്ലാകളക്ടറുടെ 12.01.2016 ലെ നിരാക്ഷേപ സാക്ഷ്യപത്രം പ്രകാരം (No.B4-31331/3/15 ) ഫയർ & റസ്ക്യൂ ഓഫീസറുടെ FINAL NOC നേടിയിട്ടേ പെട്രോൾ പമ്പിന്റെ പ്രവർത്തനമാരംഭിക്കാവൂ എന്നു നിർദ്ദേശിച്ചിരുന്നു. അതേ പോലെ പെട്രോൾ പമ്പിന്റെ മൂന്നു വശത്തും കുറഞ്ഞത് 1.8 മീറ്റർ പൊക്കത്തിൽ മതിൽ കെട്ടി വേർതിരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഈ വിധമുള്ള സാങ്കേതിക പരിശോധനകൾ നടത്താതെ പെട്രോൾ പമ്പിനു കെട്ടിട നമ്പർ നൽകിയത് ഗുരുതരമായ വീഴ്ചയാണ്.

C)

ക്രമ നമ്പർ മൂന്നു പ്രകാരം മുമ്പുണ്ടായിരുന്ന കടമുറികൾ (I/354E,F,G) ഒന്നാക്കുകയും കടമുറികളുടെ പുറകുവശത്ത് 86.88 m2 അഡീഷണലായി ഒരു മുറി കൂടി നിർമ്മിക്കുകയും ചെയ്തു.ഇവയെല്ലാം കൂടി ചേർത്ത് കേരള ഗ്രാമീൺ ബാങ്കിനു വാടകയ്ക്കു നൽകുകയും ചെയ്തിരുന്നു. പ്രസ്തുത കെട്ടിടത്തെ ഒറ്റ കെട്ടിടമാക്കി (195.94m2) ഒക്കുപ്പൻസിക്കായി അപേക്ഷ ലഭിക്കുകയും പുതിയ നമ്പർ നൽകുകയും ചെയ്തു. ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിൽ ആദ്യ നില കൂടി പാർപ്പിടാവശ്യത്തിനു നിർമ്മിക്കും എന്നു കാണിച്ചിരുന്നു. (175.33m2). എന്നാൽ ഈ കെട്ടിടത്തെ ഒഴിവാക്കിയാണ് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിരുന്നത്. ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ ചാലാപ്പള്ളിയിലുള്ള Kerala Gramin Bank ന്റെ മുകളിൽ കെട്ടിടം നിർമ്മിച്ച് പാർപ്പിടാവശ്യത്തിനുപയോഗിക്കുന്നതായി ബോദ്ധ്യപ്പെട്ടു. പ്രസ്തുത കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിട്ടില്ല.മാത്രമല്ല തൊട്ടടുത്ത കെട്ടിടത്തോട് ചേർത്താണ് പുതിയ നിർമ്മാണം നടത്തിയിട്ടുള്ളതെന്നു വ്യക്തമായിട്ടുണ്ട്. കെട്ടിടത്തിന്റെ സെറ്റ്ബാക്ക് പരിശോധിക്കപ്പെട്ടിട്ടില്ല.

കെട്ടിടനിർമ്മാണചട്ടങ്ങൾ പരിശോധിക്കാതെ അനധികൃത കെട്ടിടത്തിന് നികുതി നിർണ്ണയിച്ചത് അന്വേഷണ വിധേയമാക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് 235 വകുപ്പ് പ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടങ്ങൾക്ക് U.A നമ്പർ നൽകുകയും നിലവിലുള്ള വസ്തു നികുതിയുടെ രണ്ടിരട്ടി കൂടി വാങ്ങേണ്ടതുമാണ്.കെട്ടിടത്തിനു നമ്പരിട്ടുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ D.D.P തലത്തിൽ വകുപ്പുതല നടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ മേൽ വിഷയത്തിലേക്കു ക്ഷണിക്കുന്നു.

## 2-3 D&O ലൈസൻസ് നൽകിയതിലെ അപാകതകൾ.

ഗ്രാമപഞ്ചായത്തിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തേക്ക് D&O ലൈസൻസ് നൽകിയ താഴെ പറയുന്ന സ്ഥാപനങ്ങളുടെ അപേക്ഷകളും അനുബന്ധരേഖകളും ഫയലും പരിശോധിച്ചതിൽ നിയമാനുസൃതമായ രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.രേഖകളും മറുപടിയും അടിയന്തിരമായി നൽകേണ്ടതാണ്.

| *ക്രമ നമ്പർ* | *ഇനം/സ്ഥാപനം* | *ലൈസൻസ് ലഭിച്ച വ്യക്തി* | *ലൈസൻസ് നമ്പർ/ ഹാജരാക്കാത്ത രേഖകൾ* |
|---|---|---|---|
| 1 | വൃന്ദാവൻ തടി മില്ല്.<br>IV/428 | രാധമ്മ,കാവുംപടി പുത്തൻവീട്,കൊറ്റനാട് | For-2016-17<br>ലൈസൻസ് നൽകിയതിന്റെ കൗണ്ടർ ഫോയിൽ ഇല്ല. എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.Sl.No.120<br>തുക ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.<br>D&O-1200/-(1160210612 /15.12.2016)<br>P.T-2500/-(1160210613/15.12.2016)<br>1.സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.<br>2..മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതപത്രം ഹാജരാക്കിയിട്ടില്ല. |
| 2 | അരി പൊടിയ്ക്കുന്നതിനുള്ള മില്ല്.<br>II/47 | രാജു കെ.എം,<br>കീച്ചേരിൽ ,പെരുമ്പെട്ടി. | 1.സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.<br>2..മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതപത്രം ഹാജരാക്കിയിട്ടില്ല. |
| 3 | റബർ വ്യാപാരം.<br>IX/286 | ബേബി മാത്യു,പനച്ചയ്ക്കൽ ട്രേഡേഴ്സ്,തീയാടിക്കൽ | 1.സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. |
| 4 | റബർ വ്യാപാരം,<br>X/213 | സന്തോഷ് P,വാഴക്കാലായിൽ,കാഞ്ഞീറ്റുകര P.O | 1.സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. |
| 5 | മെഡിക്കൽ ലബോറട്ടറി.<br>XIII/313 | സനൽ R,ഉഷസ്സ്,ചാലാപ്പള്ളി | കൗണ്ടർ ഫോയിലിൽ സെക്രട്ടറി ഒപ്പിട്ടിട്ടില്ല.<br>തുക ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.<br>D&O-100/-(11602100111 /13.04.2016)<br>P.T-900/-(11602100112/13.04.2016) |
| 6 | ഹാർഡ്‌വെയർ വ്യാപാരം<br>VIII/298 | തോമസ് ജോൺ,തെക്കേക്കര വീട്,കൊറ്റനാട് P.O | ലൈസൻസ് നൽകിയതിന്റെ കൗണ്ടർ ഫോയിൽ ഇല്ല. എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.Sl.No.49<br>തുക ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | D&O-100/- (11602100378/24.05.2016)<br>P.T- 600/- (11602100379/24.05.2016) |
| 7 | റബർ വ്യാപാരം<br>VIII/160 | രഞ്ജീഷ് കുമാർ,അമ്പാടിയിൽ,കൊറ്റനാട് | ലൈസൻസ് നൽകിയതിന്റെ കൗണ്ടർ ഫോയിൽ ഇല്ല. എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.Sl.No.66<br>തുക ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.<br>D&O-200/- (11602102886/31.03.2017)<br>P.T- 600/- (11602102887/31.03.2017) |

മേൽ അപാകതകൾക്ക് ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (ഓഡിറ്റ് എൻക്വയറി നം:11/2017;തീയതി:16.09.2017) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനു റിപ്പോർട്ട് നൽകേണ്ടതാണ്. ഈ വിഷയത്തിൽ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നു വിശദീകരണം ലഭ്യമാക്കി ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക ക്ഷണിക്കുന്നു.

## 2-4 ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിന്റെ ഫൈനൽ നിരാക്ഷേപ പത്രം ഇല്ലാതെ ടാർ മിക്സിംഗ് യൂണിറ്റിന് ലൈസൻസ് നൽകി.

പഞ്ചായത്തിലെ പെരുമ്പെട്ടി വില്ലേജിലെ സർവ്വെ നമ്പർ 229/4,229/4-1,229/2 ൽ പെട്ട സ്ഥലത്ത് സ്ഥാപിച്ച താൽക്കാലിക ടാർ മിക്സിംഗ് യൂണിറ്റിന് (കെട്ടിട നമ്പർ:9/254A) ഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിന്റെ അന്തിമ നിരാക്ഷേപ പത്രം ഇല്ലാതെ ലൈസൻസ് നൽകിയിട്ടുണ്ട്. (ലൈസൻസ് നമ്പർ:A04/01/2016-17;12.04.2016). ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ് (നം.C.1155/14 /DdiS;09.01.2015) പ്രകാരം 'ബെഗോറ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് ' എന്ന സ്ഥാപനത്തിന്റെ പ്ലാന്റിന് അംഗീകാരം നൽകിയിരുന്നു. KPBR-2011 ലെ ചട്ടങ്ങൾ പാലിയ്ക്കുന്നുണ്ടോയെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരിശോധിയ്ക്കണമെന്ന് പ്രത്യേകം ഈ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

ഫയർ & റസ്ക്യൂ സർവീസിന്റെ കോട്ടയം, ഡിവിഷണൽ ഓഫീസർ 12.12.2014 ൽ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്രാഥമിക നിരാക്ഷേപ പത്രം നൽകിയിരുന്നു. ഫയർ സിസ്റ്റം പ്ലാനിൽ കാണിച്ചിരിക്കുന്ന അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചതിനു ശേഷം മാത്രമെ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കാവൂ എന്ന് നിബന്ധന വെച്ചിരുന്നു. ഇപ്രകാരമുള്ള ഉപകരണങ്ങൾ സ്ഥാപിച്ചു എന്നുള്ള ഫയർ & റസ്ക്യൂ സർവീസിന്റെ അന്തിമ നിരാക്ഷേപ പത്രം ഹാജരാക്കിയിട്ടില്ല. ഇവ ഹാജരാക്കാതെ സ്ഥാപനത്തിനു പ്രവർത്തിക്കാനുള്ള ലൈസൻസ് നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്.ജില്ലാ മെഡിക്കൽ ഓഫീസറുടെ 20.02.2016 ലെ C1-15787/14 കത്ത് പ്രകാരം പ്ലാന്റിനുള്ള N.O.C, 20.08.2016 വരെ കാലാവധിയുള്ളപ്പോൾ 2017,മാർച്ച് 31 വരെ പ്രവർത്തനാനുമതി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ചു നൽകി.

നിയമപ്രകാരമുള്ള രേഖകൾ ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (ഓഡിറ്റ് എൻക്വയറി നം:10/2017;തീയതി:16.09.2017) മറുപടി ലഭ്യമാക്കിയില്ല.നിലവിൽ 2017-18 ൽ മേൽ വിവരിച്ച മാനദണ്ഡങ്ങൾ പാലിച്ച് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. മേൽ രേഖകൾ പരിശോധിക്കാതെ രണ്ടു സാമ്പത്തിക വർഷത്തിലും (2016-17,2017-18) സ്ഥാപനത്തിനു ലൈസൻസ് നൽകിയ സെക്രട്ടറിമാരിൽ നിന്നും ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ക്രമ വിരുദ്ധമായ രീതിയിൽ ലൈസൻസ് നൽകിയത് അന്വേഷണ വിധേയമാക്കി, ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ തുടർനടപടികൾ സ്വീകരിക്കുവാൻ ഭരണവകുപ്പിനോട് (L.S.G.D) ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-5 നിയമപ്രകാരമുള്ള രേഖകൾ ലഭ്യമാക്കാതെ വാണിജ്യ/വ്യവസായ കെട്ടിടങ്ങൾക്കു ബിൽഡിംഗ് പെർമിറ്റ് നൽകി.

ബിൽഡിംഗ് പെർമിറ്റ് ഫയലുകൾ പരിശോധിച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന വാണിജ്യ/വ്യവസായ കെട്ടിടങ്ങൾക്കു നിയമപ്രകാരമുള്ള രേഖകൾ വാങ്ങാതെയാണ് പെർമിറ്റ് നൽകിയിട്ടുണ്ടെന്നു ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ക്രമ നമ്പർ* | *ഉടമയുടെ പേരും വിലാസവും* | *കെട്ടിടത്തിന്റെ തരം/ഏരിയ (in $m^2$)* | *പെർമിറ്റ് നമ്പർ/തീയതി.* | *അപാകതകൾ/നിരീക്ഷണങ്ങൾ* |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ബെഹനാൻ ജോസഫ്&സോണി ബെഹനാൻ,ചരിവു കാലായിൽ,തീയാടിക്കൽ P.O | വ്യവസായം. 200m2 ഇഷ്ടിക നിർമ്മാണ യൂണിറ്റ് | A2-1575/15;27.07.2015 | KPBR റൂൾ 59 (11a) പ്രകാരം വ്യവസായ സ്ഥാപനങ്ങൾക്ക് (ഗണം G1 & G2) ഫയർ & റസ്ക്യൂ ഡിപ്പാർട്മെന്റിന്റ് സാക്ഷ്യപത്രം ആവശ്യമാണ്. അത്തരമൊരു സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 2 | P.E ഈശോ,പാലേട്ടമണ്ണിൽ,തീയാടീക്കൽ. | ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പ് | A3.955/16;05.03.2016 പെരുമ്പെട്ടി വില്ലേജ്,സർവ്വെ നമ്പർ 232/5 | എക്സ്പ്ളോസീവ് ലൈസൻസ് ഹാജരാക്കിയിട്ടില്ല. |
| 3 | മോഹൻ കുമാർ,ദേവി വിലാസം,കൊറ്റനാട് | ഭൂവികസനം | പെർമിറ്റ് നൽകിയിട്ടുണ്ട്. 38.20 'ആർ' ഭൂമിയിൽ ഭൂവികസനം നടത്തുന്നതിന് ഒരു ആർ ന് 250 രൂപ നിരക്കിൽ 19100 രൂപ ക്രമവൽക്കരണ ഫീസ് വാങ്ങിയിട്ടുണ്ട്. (Rt No.11602100903/10.08.2016) | എത്ര എം3 ലുള്ള മണ്ണ് ഖനനം നടത്തി എന്നതു സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ മെഷർമെന്റ് എടുത്തിട്ടില്ല. പെർമിറ്റിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. |
| 4 | തോമസ് മാത്യൂ,പീടികയിൽ,കുളമ്പാല, പെരുമ്പെട്ടി | പൗൾട്രി ഫാം. 339.48 | A02-3507/16;22.09.2016 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. |

നിയമപ്രകാരമുള്ള രേഖകൾ ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (ഓഡിറ്റ് എൻക്വയറി നം:14/2017;തീയതി:20.09.2017) മറുപടി ലഭ്യമാക്കിയില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം വാങ്ങാതെയുള്ള പൗൾട്രി ഫാം നിർമ്മാണം, അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്വേഷൻ ഇല്ലാതെയുള്ള ഭൂവികസനം, ഫയർ & റസ്ക്യൂ സർവ്വീസ് ഡിപ്പാർട്മെന്റിന്റെ അനുവാദം കൂടാതെയുള്ള വ്യവസായ യൂണിറ്റ് നിർമ്മാണം തുടങ്ങിയ ഗൗരവതരമായ വിഷയങ്ങളിൽ പെർമിറ്റ് നൽകിയ ഗ്രാമമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ക്രമപ്രകാരമല്ല. ഇതിന്മേൽ പെർമിറ്റ് നൽകിയ സെക്രട്ടറിയിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിന്മേൽ ഭരണവകുപ്പിന്റെ (L.S.G.D) അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ– കുറഞ്ഞ നിരക്കിലുള്ള സൈക്കിളുകൾ വാങ്ങാത്തത് നഷ്ടത്തിന് വഴിയൊരുക്കി.

| | |
|---|---|
| *പദ്ധതിയുടെ പേര്/നമ്പർ* | പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങി നൽകൽ(21/17) |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | എച്ച്.എം, ജി.യു.പി.എസ് |
| *വകയിരുത്തിയ തുക* | 165000 (വികസന ഫണ്ട് - എസ്.സി.പി) |
| *ചെലവഴിച്ച തുക* | 118200/- (ട്രഷറി ബിൽ നം. 2/16-17/25.3.17) |

പ്രസ്തുത പദ്ധതി പ്രകാരം 24 സൈക്കിൾ (12 വീതം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും) വാങ്ങിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിൽ കുറവ് നിരക്ക് ക്വോട്ട് ചെയ്ത 'ദ സൈക്കിൾ ആന്റ് മോട്ടർ ട്രേഡേഴ്സ്, പത്തനംതിട്ട' എന്ന സ്ഥാപനത്തിൽ നിന്നാണ് സൈക്കിളുകൾ വാങ്ങിയിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സൈക്കിൾ സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ ബിൽ പ്രകാരം ആൺകുട്ടികൾക്ക് ഹെർക്കുലീസ് റോക്കി എന്ന സൈക്കിളും (4875/-) പെൺകുട്ടികൾക്ക് BSA ലേഡി ബേർഡ് എന്ന സൈക്കിളുമാണ് (4975/-) നൽകിയിട്ടുള്ളത്. സ്ഥാപനം ക്വോട്ട് ചെയ്ത് വിവിധ സൈക്കിളുകളുടെ നിരക്കുകൾ താഴെ പറയും പ്രകാരമാണ്.

| *ഇനം* | *കമ്പനിയുടെ/സൈക്കിളിന്റെ പേര്* | | | *ഏറ്റവും കുറഞ്ഞ നിരക്ക്* |
|---|---|---|---|---|
| | ഹെർക്കുലീസ് റോക്കി | ഹീറോ റേയ്ഞ്ചർ നൈട്രോ | ഭോഗൾ DNS കോൺട്ര | |
| ആൺകുട്ടികൾക്കുള്ള സൈക്കിൾ | 4875 | 4785 | 4050 | **4050** |
| | BSA ലേഡി ബേർഡ് | ഹീറോ മിസ്സ് ഇന്ത്യ | ഭോഗൾ DNS വിവ | |
| പെൺകുട്ടികൾക്കുള്ള സൈക്കിൾ | 4975 | 4785 | 4195 | **4195** |

ഏറ്റവും കുറഞ്ഞ നിരക്കുള്ള സൈക്കിൾ വാങ്ങാത്തതിന്റെ കാരണം ബോദ്ധ്യപ്പെടുത്താൻ നൽകിയ എൻക്വയറിക്ക് (12/18.9.2017) മറുപടി നൽകിയത് അംഗീകരിക്കുന്നില്ല. മറുപടിയിൽ ഏറ്റവും ഗുണനിലവാരമുള്ള സൈക്കിളാണ് വാങ്ങിയത് എന്നും ഏറ്റവും വില കുറഞ്ഞ സൈക്കിൾ ഗുണനിലവാരമില്ലാത്തതാണെന്നും സാധൂകരിക്കുന്ന രേഖകളൊന്നുമില്ല. അധികമായി ചെലവഴിച്ച 19260/- രൂപ (12x825(4875-4050=825) + (12x780(4975-4195=780) നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ടെണ്ടറിന് അംഗീകാരം നൽകിയ ഭരണസമിതി അംഗങ്ങളുടെയും തുല്യ ബാദ്ധ്യതയായി കണക്കാക്കി നിരാകരിക്കുന്നു.13.01.2017 ലെ IV(6) ാം തീരുമാന പ്രകാരമാണ് ടെണ്ടറിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയത്.

2. അദ്ധ്യയന വർഷം അവസാനിക്കുന്ന മാർച്ച് മാസത്തിൽ സൈക്കിൾ വിതരണം നടത്തിയതിലൂടെ വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല എന്ന ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 പാലിയേറ്റീവ് കെയർ വാഹന വാടക- മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നൽകിയത് നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 45/17 |
| പ്രോജക്ടിന്റെ പേര് | പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (PHC) |
| അടങ്കൽ | 516500 (വികസന ഫണ്ട്, ജനറൽ)<br>ബിൽ നം:1/16-17;09.11.2016 |

പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട് ഹോം കെയർ ടീമിന് രോഗികളുടെ വീട്ടിലെത്തി പരിചരണം നൽകുന്നതിനായി ശ്രീ.ബിൻരാജ്, മുരുപ്പേൽ വീട്, കൊറ്റനാട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഷെവർലെ ടവേറ (KL-28-B-6895) വാഹനമാണ് വാടകയ്ക്ക് എടുത്തിരുന്നത് മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്കായ 1300 രൂപ/പ്രതി ദിനം ക്വോട്ട് ചെയ്തതിനാലാണ് ടി വാഹനം വാടകയ്ക്ക് എടുത്തത്. എന്നാൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗ രേഖ സ.ഉ(സാധാ) നം.3217/15/ത.സ്വ.ഭാ.വ, തീയതി.29.10.2015 പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ പരമാവധി കൊടുക്കാവുന്ന ദിവസ വാടകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ഓടുന്ന ദൂരത്തിനനുസൃതമായി നൽകാവുന്ന പരമാവധി തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓടുന്ന ദൂരം (up&down) | 15-24 കി.മീ | 25-34 കി.മീ | 35-44 കി.മീ | 45 കി.മീ ൽ കൂടുതൽ |
|---|---|---|---|---|
| പരമാവധി തുക | 800 | 900 | 1000 | 1100 |

എന്നാൽ വൗച്ചറുകളോടൊപ്പം ഹാജരാക്കിയ ട്രിപ് ഷീറ്റുകൾ പരിശോധിച്ചതിൽ ഈ മാർഗ്ഗ നിർദ്ദേശത്തിനു വിരുദ്ധമായി വാഹന വാടക നൽകിയിട്ടുള്ളത് താഴെ പറയും പ്രകാരമാണ്.

| ക്രമ നം | ഡ്രൈവറുടെ പേര്, വാഹന നമ്പർ | വാഹനം ഓടിയ തീയതി | വാഹനം ഓടിയ സമയം | യാത്ര ചെയ്ത ദൂരം (കി.മീ) | നൽകിയ തുക | നൽകാവുന്ന തുക | അധികമായി നൽകിയത് |
|---|---|---|---|---|---|---|---|
| 1 | ശ്രീ.ബിൻരാജ്, KL-28-B-6895 | 07.04.2016 | 9 AM-4PM | 35km | 1300 | 1000 | 300 |
| 2 | | 08.04.2016 | 9.30 AM -3.30PM | 38Km | 1300 | 1000 | 300 |
| 3 | | 11.04.2016 | 9.30AM-3.45PM | 39 km | 1300 | 1000 | 300 |
| 4 | | 12.04.2016 | 9.30AM-3.45PM | 39 km | 1300 | 1000 | 300 |
| 5 | | 15.04.2016 | 9.30AM-3.30PM | 37 km | 1300 | 1000 | 300 |
| 6 | | 16.04.2016 | 9.30AM-3.30PM | 35 km | 1300 | 1000 | 300 |
| 7 | | 18.04.2016 | 9.30AM-3.30PM | 38 km | 1300 | 1000 | 300 |
| 8 | | 19.04.2016 | 9.30AM-3.30PM | 41 km | 1300 | 1000 | 300 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | | 21.04.2016 | 9.30AM-3.45PM | 37 km | 1300 | 1000 | 300 |
| 10 | | 22.04.2016 | 9.30AM-3.45PM | 39 km | 1300 | 1000 | 300 |
| 11 | | 25.04.2016 | 9.30AM-3.45PM | 38 km | 1300 | 1000 | 300 |
| 12 | | 26.04.2016 | 9.30AM-3.30PM | 40 km | 1300 | 1000 | 300 |
| 13 | | 28.04.2016 | 9.30AM-3.45PM | 37 km | 1300 | 1000 | 300 |
| 14 | | 29.04.2016 | 9.30AM-3.45PM | 34 km | 1300 | 900 | 400 |
| 15 | | 30.04.2016 | 9.30AM-3.45PM | 42 km | 1300 | 1000 | 300 |
| 16 | | 02.05.2016 | 9.30AM-3.45PM | 34 km | 1300 | 900 | 400 |
| 17 | | 06.05.2016 | 9.30AM-3.45PM | 36 km | 1300 | 1000 | 300 |
| 18 | | 09.05.2016 | 9.30AM-3.30PM | 40 km | 1300 | 1000 | 300 |
| 19 | | 10.05.2016 | 9.30AM-3.40PM | 42 km | 1300 | 1000 | 300 |
| 20 | | 12.05.2016 | 9.30AM-3.45PM | 40 km | 1300 | 1000 | 300 |
| 21 | | 13.05.2016 | 9.30AM-3.45PM | 42 km | 1300 | 1000 | 300 |
| 22 | | 17.05.2016 | 9.30AM-3.45PM | 44 km | 1300 | 1000 | 300 |
| 23 | | 18.05.2016 | 9.30AM-3.45PM | 41 km | 1300 | 1000 | 300 |
| 24 | | 19.05.2016 | 9.30AM-3.50PM | 40 km | 1300 | 1000 | 300 |
| 25 | | 20.05.2016 | 9.30AM-3.45PM | 39 km | 1300 | 1000 | 300 |
| 26 | | 23.05.2016 | 9.30AM-4.00 PM | 39 km | 1300 | 1000 | 300 |
| 27 | | 24.05.2016 | 9.30AM-3.45PM | 39 km | 1300 | 1000 | 300 |
| 28 | | 26.05.2016 | 9.30AM-3.45PM | 32 km | 1300 | 900 | 400 |
| 29 | | 27.05.2016 | 9.30AM-3.30PM | 38 km | 1300 | 1000 | 300 |
| 30 | | 30.05.2016 | 9.30AM- 4 PM | 37 km | 1300 | 1000 | 300 |
| 31 | | 31.05.2016 | 9.30AM-3.30PM | 37 km | 1300 | 1000 | 300 |
| 32 | | 03.06.2016 | 9.30AM-3.30PM | 39 km | 1300 | 1000 | 300 |
| 33 | | 06.06.2016 | 9.30AM-3.45PM | 41 km | 1300 | 1000 | 300 |
| 34 | | 09.06.2016 | 9.30AM-3.45PM | 44 km | 1300 | 1000 | 300 |
| 35 | | 10.06.2016 | 9.30AM- | 41 | 1300 | 1000 | 300 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 2.00PM | km | | | |
| 36 | | 13.06.2016 | 9.30AM-3.30PM | 37 km | 1300 | 1000 | 300 |
| 37 | | 14.06.2016 | 9.30AM-3.45PM | 36 km | 1300 | 1000 | 300 |
| 38 | | 16.06.2016 | 9.30AM-3.30PM | 38 km | 1300 | 1000 | 300 |
| 39 | | 17.06.2016 | 9.30AM-3.30PM | 38 km | 1300 | 1000 | 300 |
| 40 | | 20.06.2016 | 9.30AM-3.30PM | 39 km | 1300 | 1000 | 300 |
| 41 | | 21.06.2016 | 9.30AM-3.45PM | 40 km | 1300 | 1000 | 300 |
| 42 | | 22.06.2016 | 9.30AM-3.30PM | 39 km | 1300 | 1000 | 300 |
| 43 | | 24.06.2016 | 9.30AM-3.30PM | 37 km | 1300 | 1000 | 300 |
| 44 | | 27.06.2016 | 9.30AM-3.30PM | 37 km | 1300 | 1000 | 300 |
| 45 | | 29.06.2016 | 9.30AM-3.30PM | 42 km | 1300 | 1000 | 300 |
| 46 | | 30.06.2016 | 9.30AM-3.30PM | 40 km | 1300 | 1000 | 300 |
| 47 | | 04.07.2016 | 9.30AM-3.30PM | 39 km | 1300 | 1000 | 300 |
| 48 | | 05.07.2016 | 9.30AM-3.30PM | 40 km | 1300 | 1000 | 300 |
| 49 | | 07.07.2016 | 9.30AM-3.30PM | 39 km | 1300 | 1000 | 300 |
| 50 | | 08.07.2016 | 9.30AM-3.30PM | 36 km | 1300 | 1000 | 300 |
| 51 | | 12.07.2016 | 9.30AM-3.30PM | 37 km | 1300 | 1000 | 300 |
| 52 | | 14.07.2016 | 9.30AM- | 36 km | 1300 | 1000 | 300 |
| 53 | | 15.07.2016 | 9.30AM-3.30PM | 38 km | 1300 | 1000 | 300 |
| 54 | | 16.07.2016 | 9.30AM-3.30PM | 38 km | 1300 | 1000 | 300 |
| 55 | | 18.07.2016 | 9.30AM-3.30PM | 39 km | 1300 | 1000 | 300 |
| 56 | | 19.07.2016 | 9.30AM-3.30PM | 37 km | 1300 | 1000 | 300 |
| 57 | | 21.07.2016 | 9.30AM-3.30PM | 37 km | 1300 | 1000 | 300 |
| 58 | | 22.07.2016 | 9.30AM-3.30PM | 36 km | 1300 | 1000 | 300 |
| 59 | | 25.07.2016 | 9.30AM-3.30PM | 35 km | 1300 | 1000 | 300 |
| 60 | | 26.07.2016 | 9.30AM-3.30PM | 36 km | 1300 | 1000 | 300 |
| 61 | | 28.07.2016 | 9.30AM-3.30PM | 36 km | 1300 | 1000 | 300 |

| | | | | | | | |
|---|---|---|---|---|---|---|---|
| 62 | | 29.07.2016 | 9.30AM-3.30PM | 38 km | 1300 | 1000 | 300 |
| 63 | | 05.08.2016 | 9.30AM-3.30PM | 39 km | 1300 | 1000 | 300 |
| 64 | | 08.08.2016 | 9.30AM-3.30PM | 38 km | 1300 | 1000 | 300 |
| 65 | | 09.08.2016 | 9.30AM-3.45PM | 38 km | 1300 | 1000 | 300 |
| 66 | | 12.08.2016 | 9.30AM-3.45PM | 35 km | 1300 | 1000 | 300 |
| 67 | | 16.08.2016 | 9.30AM-3.45PM | 35 km | 1300 | 1000 | 300 |
| 68 | | 18.08.2016 | 9.30AM-3.45PM | 36 km | 1300 | 1000 | 300 |
| 69 | | 19.08.2016 | 9.30AM-3.45PM | 36 km | 1300 | 1000 | 300 |
| 70 | | 22.08.2016 | 9.30AM-3.45PM | 39 km | 1300 | 1000 | 300 |
| 71 | | 23.08.2016 | 9.30AM-3.45PM | 39 km | 1300 | 1000 | 300 |
| 72 | | 25.08.2016 | 9.30AM-3.45PM | 36 km | 1300 | 1000 | 300 |
| 73 | | 26.08.2016 | 9.30AM-3.45PM | 38 km | 1300 | 1000 | 300 |
| 74 | | 29.08.2016 | 9.30AM-3.45PM | 37 km | 1300 | 1000 | 300 |
| 75 | | 30.08.2016 | 9.30AM-3.45PM | 39 km | 1300 | 1000 | 300 |
| 76 | | 31.08.2016 | 9.30AM-3.45PM | 39 km | 1300 | 1000 | 300 |
| ആകെ | | | | | | | **23000** |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/15.09.2017) നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. മാർഗ്ഗനിർദ്ദേശപ്രകാരം പരമാവധി അനുവദനീയമായ പ്രതി ദിന വാഹനവാടകയായ 1100/- രൂപയിൽ അധികമായി മേൽ വൗച്ചറുകൾ പ്രകാരം നൽകിയ 23000/- രൂപ (ബിൽ നം.1/16-17, dtd.9.11.16) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-3 തെരുവ് വിളക്കുകളുടെ മീറ്ററിംഗ് പ്രവൃത്തി ആരംഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ ഓഡിറ്റ് വർഷം ആരംഭിച്ചിട്ടില്ല. വൈദ്യുതി ബോർഡിന്റെ 07-07-2010ലെ 37242/ഡി.ഡി3/2010/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.31-12-2014ന് മുൻപ് മീറ്ററിന് വേണ്ടി പണമടച്ചാൽ മീറ്ററിന് വേണ്ട തുകയുടെ 50% മാത്രം ഒടുക്കുവരുത്തിയാൽ മതിയായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത്

ഈ ഇളവ് നേടിയെടുക്കുന്നതിൽ പരാജയപ്പെട്ടു. പ്രതിമാസം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 38264/- രൂപയാണ് ചെലവഴിക്കുന്നത്. മീറ്ററിംഗ് പ്രവൃത്തി നടപ്പാക്കുവാൻ പഞ്ചായത്ത് ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 പൂരക പോഷകാഹാരം-കേന്ദ്ര വിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല.

പൂരക പോഷകാഹാര പദ്ധതിയ്ക്കായി നാളിതുവരെ ലഭിച്ചിട്ടുള്ള കേന്ദ്ര വിഹിതത്തിൽ 2016-17 സാമ്പത്തിക വർഷാവസാനം 622223/- രൂപ ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു. തനത് ഫണ്ടിലാണ് ഈ തുക സൂക്ഷിച്ചിട്ടുള്ളത്. ഇപ്രകാരം ലഭിക്കുന്ന കേന്ദ്ര വിഹിതം ദേശ സാൽകൃത ബാങ്കിൽ പ്രത്യേക സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിനാൽ പ്രത്യേകാവശ്യത്തിനായി ലഭിച്ച കേന്ദ്ര ഫണ്ട് വകമാറ്റി ചെലവഴിക്കാനുള്ള സാദ്ധ്യത കൂടുതലാണ്. അതോടൊപ്പംതന്നെ ഈ തുകയ്ക്ക് ലഭിക്കേണ്ട വാർഷിക പലിശയും പഞ്ചായത്ത് ഫണ്ടിലേക്ക് പോകുന്നു. സർക്കാർ ഉത്തരവ് നം. 39033/ഡി.സി2/2010 ത.സ്വ.ഭ.വ 03.09.2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്ര വിഹിതത്തിൽ ശേഷിക്കുന്ന തുക കെട്ടിടം, കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും വിനിയോഗിക്കാവുന്നതാണ്. ടി ഉത്തരവിലെ നിർദ്ദേശം പാലിച്ച് കേന്ദ്ര വിഹിതത്തിൽ ബാക്കി നിൽക്കുന്ന തുക പഞ്ചായത്തിലെ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ക്രിയാത്മകമായി വിനിയോഗിക്കേണ്ടതും ഭാവിയിൽ ഇപ്രകാരം ലഭ്യമാകുന്ന കേന്ദ്ര വിഹിതം ദേശ സാൽകൃത ബാങ്കിൽ പ്രത്യേക സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങി സൂക്ഷിക്കേണ്ടതുമാണ്.

## 3-5 ഒ.ഡി.എഫ് പദ്ധതി-പണി പൂർത്തീകരിക്കാൻ ബാക്കി നിൽക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | കക്കൂസ് നിർമ്മാണം (ഒ.ഡി.എഫ്) |
| പ്രോജക്ട് നമ്പർ | 77/17 |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 1925000/- |

ഒ.ഡി.എഫ് പദ്ധതി പ്രകാരം കക്കൂസ് നിർമ്മാണത്തിനായി ആകെ 125 ഗുണഭോക്താക്കളാണ് എഗ്രിമെന്റ് വെച്ചിരുന്നത്. എന്നാൽ എഗ്രിമെന്റ് വെച്ചതിൽ 23 ഗുണഭോക്താക്കൾ മാത്രമാണ് പണി പൂർത്തിയാക്കി തുക പൂർണ്ണമായും കൈപ്പറ്റിയിരിക്കുന്നത്. 51 ഗുണഭോക്താക്കൾ ലാട്രിൻ, സോക്പിറ്റ് എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. (ഫ്ലഷ് ടാങ്ക് സ്ഥാപിച്ചിട്ടില്ല). 47 ഗുണഭോക്താക്കൾ ലാട്രിൻ നിർമ്മാണം മാത്രം പൂർത്തിയാക്കി. ബാക്കിയുള്ള നാല് ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല. ലാട്രിൻ നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിനിൽക്കുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈമാറിയതുക | ബിൽ നം, തീയതി |
|---|---|---|---|
| 1 | മണിയമ്മ തങ്കച്ചൻ, തേക്കണാംപൊയ്കയിൽ, കരിയംപ്ലാവ്.പി.ഒ | തുക നൽകിയിട്ടില്ല | |
| 2 | സുഭാഷ്.പി.ബി, പതാൽ പുരയിടം, പെരുമ്പട്ടി.പി.ഒ | 6000 | 3/16-17, തീയതി.08.09.2016 |
| 3 | പ്രസന്ന മാത്യു, പള്ളിക്കൽ, കരിയംപ്ലാവ്.പി.ഒ | 6000 | 01/16-17 തീയതി.31.08.2016 |
| 4 | എം.ഡി.സൈമൺ, കണ്ടത്തുവേലിൽ, കൊറ്റനാട് | തുക നൽകിയിട്ടില്ല | |

ഒ.ഡി.എഫ് പദ്ധതി പ്രകാരം എഗ്രിമെന്റ് വെച്ചിട്ടുള്ളതും പണി പൂർത്തീകരിക്കാൻ ബാക്കിനിൽക്കുന്നതുമായ മേൽപറഞ്ഞ ഗുണഭോക്താക്കളെക്കൊണ്ട് പണി അടിയന്തിരമായി പൂർത്തീകരിച്ച് തുക കൈമാറുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-6 എസ്.എസ്.എ പദ്ധതിയുടെ നടത്തിപ്പിൽ വീഴ്ച.

6മുതൽ 14വയസ്സിനിടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സർവ്വ ശിക്ഷാ അഭിയാൻ. എസ്.എസ്.എ-യുടെ ജില്ലാ പ്രൊജക്ട് ഓഫീസർ തയ്യാറാക്കുന്ന വാർഷിക ബഡ്ജറ്റിൽ നിന്നും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായ 35 ശതമാനം തുക വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പദ്ധതിയ്ക്ക് ഓഡിറ്റ് വർഷം 200000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നം.1/16-17 /21.12.16, ഡി.ഡി നം. 426975/20.12.16) നിർബന്ധിത പദ്ധതി എന്ന നിലയിൽ എല്ലാ വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നു എന്ന മാത്രമാണ് പഞ്ചായത്തിന്റെ ചുമതല. വ്യക്തമായ ഒരു കർമ്മ പദ്ധതി തയ്യാറാക്കാതെയാണ് തുക ചെലവഴിക്കുന്നത്. പഞ്ചായത്ത് ഭരണസമിതിയോ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയോ എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തിൽ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് മോണിട്ടറിംഗ് നടത്തുന്നില്ല.

ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ (ഏതെല്ലാം ഘടകങ്ങൾക്കാണ് തുക വിനിയോഗിച്ചത്) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. തുകയുടെ വിനിയോഗം സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതിയും അധികൃതരും ഗൗരവമായ സമീപനം സ്വീകരിക്കേണ്ടതാണ്

## 3-7 റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച.

ആസ്തികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ആസ്തികളിലൂടെ നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തികൾ വിപുലപ്പെടുത്തി കൈമാറി കിട്ടിയ സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടിയുള്ള മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ - ഖ: 11.1 (x)(b)]. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്റ്റ് നിർദ്ദേശങ്ങൾ സ്വരൂപിക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല.

റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പദ്ധതികളും അവയുടെ ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പ്രോജക്റ്റുകളുടെ എണ്ണം* | *അടങ്കൽ* | *നടപ്പിലാക്കിയത്* | *ചെലവഴിച്ച തുക* | *ലാപ്സായ തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| 20 | 2554755 | 8 | 1691381 | 863374 | 66.2 |

ചെലവായ തുകയുടെ ഏകദേശം 40 ശതമാനം മരുന്നുകൾ വാങ്ങാനും വെള്ളക്കരം ഒടുക്കുവാനുമാണ് ചെലവഴിക്കപ്പെട്ടത്. പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതികളായ കൃഷി ഭവന്റെ പുനരുദ്ധാരണം, വിവിധ അംഗൻവാടികളുടെ വയറിംഗ്, മെയിന്റനൻസ്, പി.എച്ച്.സി പുനരുദ്ധാരണം ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കാത്തത് ഗൗരവത്തോടെ ഓഡിറ്റ് വീക്ഷിക്കുന്നു.

പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും, സമയ ബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ആശ്രയ പദ്ധതി - അവലോകനം

*ഒന്നാം ഘട്ടം*

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഒന്നാം ഘട്ട ആശ്രയ പദ്ധതിയിൽ ഭൂരിഭാഗം ചെലവും ഭക്ഷണ വിതരണത്തിന് മാത്രമായിരുന്നു. ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതിയിൽ 75 കുടുംബങ്ങളാണ് ഉള്ളത്. 1812800/-രൂപ അടങ്കലുള്ള ആദ്യഘട്ട ആശ്രയ പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നു. ആശ്രയ പദ്ധതിയുടെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

| *ക്രമ നം* | *ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *വകയിരുത്തിയ തുക* | *ചെലവ് തുക* |
|---|---|---|---|---|
| 1 | ഭവന പുനരുദ്ധാരണം | 35 | 350000 | 60000 |
| 2 | ഭവന നിർമ്മാണം | 9 | 450000 | 200000 |
| 3 | കിണർ / കുടിവെള്ളം | 53 | 265000 | |
| 4 | കക്കൂസ് നിർമ്മാണം | 13 | 65000 | |
| 5 | വസ്ത്രം | 55 | 55000 | 18340 |
| 6 | പെൻഷൻ | 67 | 201000 | |
| 7 | ചികിത്സ | 57 | 136800 | |
| 8 | വിദ്യാഭ്യാസ സഹായം | 11 | 55000 | 21575 |
| 9 | ഭക്ഷണം | 75 | 225000 | 792030 |
| 13 | പദ്ധതി നിർവ്വഹണ | - | 10000 | |

| | | | | |
|---|---|---|---|---|
| | ചെലവ് | | | |

ഒന്നാംഘട്ടത്തിൽ ഭക്ഷണത്തിന് വകയിരുത്തിയ തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത് ക്രമവിരുദ്ധമായ നടപടിയാണ്.

*രണ്ടാം ഘട്ടം*

5768580/- രൂപ അടങ്കലുള്ള രണ്ടാം ഘട്ട ആശ്രയ പദ്ധതിയ്ക്ക് സ.ഉ(സാധാ.) 223/14/ത.സ്വ.ഭ.വ തീതയി 24.1.2014 പ്രകാരം അംഗീകാരം ലഭിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *വർഷം* | *വകയിരുത്തിയ തുക* | | | *ചെലവഴിച്ച തുക* | | |
|---|---|---|---|---|---|---|
| | *വികസന ഫണ്ട്* | *ചലഞ്ച് ഫണ്ട്* | *ആകെ* | *വികസന ഫണ്ട്* | *ചലഞ്ച് ഫണ്ട്* | *ആകെ* |
| 2013-14 | 1425000 | 499526 | 1924526 | - | - | |
| 2014-15 | 1425000 | 484527 | 1909527 | 125000 | 158360 | 283360 |
| 2015-16 | 1450000 | 484527 | 1934527 | 400000 | 273405 | 673405 |
| 2016-17 | - | - | - | 175000 | 122850 | 297850 |
| *ആകെ* | **4300000** | **1468580** | **5768580** | **700000** | **554615** | **1254615** |

പ്രസ്തുത പദ്ധതി പ്രകാരം വിവിധ ഇനങ്ങൾക്കായി വകയിരുത്തിയ തുകയും 31.3.2017 വരെയുള്ള ചെലവും പരിശോധിക്കുമ്പോൾ ഭൂരിപക്ഷം ചെലവും ഭക്ഷണ വിതരണം,ഭവന നിർമ്മാണം, പുനരുദ്ധാരണം എന്നിവയ്ക്കാണെന്നു വ്യക്തമാകുന്നു.

| *ക്രമ നം.* | *ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *വകയിരുത്തിയ തുക* | | *ചെലവഴിച്ച തുക* | |
|---|---|---|---|---|---|---|
| | | | *വികസന ഫണ്ട്* | *ചലഞ്ച് ഫണ്ട്* | *വികസന ഫണ്ട്* | *ചലഞ്ച് ഫണ്ട്* |
| 1 | ഭക്ഷണം | 84 | - | 980640 | - | 554615 |
| 2 | ചികിത്സ | 64 | - | 392400 | - | |
| 3 | ഭവന നിർമ്മാണം | 15 | 3750000 | - | 500000 | - |
| 4 | ഭവന പുനരുദ്ധാരണം | | 550000 | - | 200000 | - |
| 5 | വിദ്യാഭ്യാസം | 17 | - | 51000 | - | - |
| 6 | പദ്ധതി തയ്യാറാക്കൽ | - | - | 15000 | - | - |
| 7 | നിർവ്വഹണം/ മോണിട്ടറിംഗ് | - | - | 15000 | - | - |
| 8 | റിസർവ് ഫണ്ട് | - | - | 14540 | - | - |
| | ആകെ | | **4300000** | **1468580** | **700000** | **554615** |

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിറ്ററിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം മോണിറ്ററിംഗ് സമിതി വിലയിരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷയായ സമിതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ആശ്രയയുടെ ചുമതലയുള്ള സി.ഡി.എസ് അംഗം, രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവരായിരിക്കണം മോണിറ്ററിംഗ് സമിതി അംഗങ്ങൾ. സമിതി കൃത്യമായി കൂടുകയോ പദ്ധതി പ്രവർത്തനം വിലയിരുത്തുകയോ ചെയ്യുന്നില്ല എന്നത് ഗുരുതരമായ ന്യൂനതയാണ്. ഇക്കാര്യത്തിൽ ഗൗരവപൂർവ്വമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| *നിർവ്വഹണ ഏജൻസി* | *പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര്* | *ഡെപ്പോസിറ്റ് ചെയ്ത തുക, ചെക്ക്/ഡി.ഡി. /ചലാൻ നം* | *പൂർത്തീകരിച്ച വിവരം* |
|---|---|---|---|
| -ഇല്ല- | | | |

## 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-3 വായ്പ/വായ്പ തിരിച്ചടവ്

| *വായ്പയുടെ പേര്/* | *ഉത്തരവ് നം.,* | *വായ്പ തുക* | *വർഷാരംഭത്തിൽ* | *തൻവർഷം* | *വർഷാവ* |
|---|---|---|---|---|---|

| ഉദ്ദേശ്യം | തീയതി | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | 961/2010 /ത.സ്വ.ഭാ.വ 20.03.2010 | 2347900 | 1471750 | 876150 | | 595600 |

## 4-4 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 29 | 2003-04 | 105 | വനിതകൾക്ക് തയ്യൽ യൂണിറ്റ് | അവേശിഷിച്ച തയ്യൽ മെഷീനുകൾ മറ്റ് വാർഡുകളിലേക്ക് കൈമാറിയതായി നിയമ സഭാ സമിതിയെ അറിയിച്ചിട്ടുണ്ട് |
| 1999-2000 | 30 | 2003-04 | 105 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നടത്തിയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | കമ്പ്യൂട്ടർ പരിശീലന സ്ഥാപനത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം വാങ്ങി സമർപ്പിച്ചു |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 30845852 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 27429980 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 42260 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല. |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | സർചാർജ്ജ് ചെയ്യാവുന്നവ | |

| | | |
|---|---|---|
| 3-1 | 19260 (തുല്യമായി) | ശ്രീ. സജീവ്, എച്ച്.എം, ജി.യു.പി.എസ്, ചെറിയകുന്നം |
| | | ശ്രീമതി സുജാത എം എസ്,പ്രസിഡന്റ് |
| | | ശ്രീ. മനോജ് എം ടി, വൈസ് പ്രസിഡന്റ് |
| | | ശ്രീ. തോമസ് ബാബു, മെമ്പർ |
| | | ശ്രീമതി സുധ പി ടി, മെമ്പർ |
| | | ശ്രീമതി ലക്ഷ്മി അജിത്, മെമ്പർ |
| | | ശ്രീ. അജിത്ത് ബി, മെമ്പർ |
| | | ശ്രീമതി ഓമന വേണുഗോപാൽ, മെമ്പർ |
| | | ശ്രീമതി ലിസിയമ്മ ചെറിയാൻ, മെമ്പർ |
| | | ശ്രീ. സന്തോഷ് കുമാർ, മെമ്പർ |
| | | ശ്രീമതി റെയ്ച്ചൽ കുരുവിള, മെമ്പർ |
| | | ശ്രീമതി സൂസ്സി ജേക്കബ്, മെമ്പർ |
| | | ശ്രീമതി അനിലകുമാരി, മെമ്പർ |
| | | ശ്രീമതി വിനോദ് കെ വി, മെമ്പർ |
| 3-2 | 23000 | ഡോ. ലക്ഷ്മി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കൊറ്റനാട് |
| ആകെ | **42260/-** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സജീവ്, എച്ച്.എം, ജി.യു.പി.എസ്, ചെറിയകുന്നം | ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്, ചെറിയകുന്നം | ചരിവു പുരയിടത്തിൽ, ചാലാപ്പള്ളി പി.ഒ. കൊറ്റനാട് |

| | | |
|---|---|---|
| ശ്രീമതി സുജാത എം എസ്,<br>പ്രസിഡന്റ് | പ്രസിഡന്റ്,<br>കൊറ്റനാട് ഗ്രാമപഞ്ചായത്ത് | പളയാനിൽ, തീയാടിക്കൽ |
| ശ്രീ. മനോജ് എം ടി,<br>വൈസ് പ്രസിഡന്റ് | വൈസ് പ്രസിഡന്റ്,<br>കൊറ്റനാട് ഗ്രാമപഞ്ചായത്ത് | കാവിൽപുതുപ്പറമ്പിൽ, വൃന്ദാവനം,<br>കൊറ്റനാട് 689615 |
| ശ്രീ. തോമസ് ബാബു,<br>മെമ്പർ | മെമ്പർ,<br>കൊറ്റനാട് ഗ്രാമപഞ്ചായത്ത് | വിലങ്ങുപാറ, കൊറ്റനാട് പി.ഒ,<br>689615 |
| ശ്രീമതി സുധ പി ടി,<br>മെമ്പർ | മെമ്പർ,<br>കൊറ്റനാട് ഗ്രാമപഞ്ചായത്ത് | പന്നിക്കുന്നിൽ, വൃന്ദാവനം, കൊറ്റനാട് 689615 |
| ശ്രീമതി ലക്ഷ്മി അജിത്,<br>മെമ്പർ | മെമ്പർ,<br>കൊറ്റനാട് ഗ്രാമപഞ്ചായത്ത് | അജിത്ത് ഭവൻ, പെരുമ്പെട്ടി<br>689592 |
| ശ്രീ. അജിത്ത് ബി,<br>മെമ്പർ | മെമ്പർ,<br>കൊറ്റനാട് ഗ്രാമപഞ്ചായത്ത് | കൃഷ്ണഭവൻ, പെരുമ്പെട്ടി<br>689295 |
| ശ്രീമതി ഓമന വേണുഗോപാൽ,<br>മെമ്പർ | മെമ്പർ,<br>കൊറ്റനാട് ഗ്രാമപഞ്ചായത്ത് | പ്ലാത്തോട്ടത്തിൽ വീട്,<br>കരിയംപ്ലാവ് പി.ഒ 689615 |
| ശ്രീമതി ലിസിയമ്മ ചെറിയാൻ,<br>മെമ്പർ | മെമ്പർ,<br>കൊറ്റനാട് ഗ്രാമപഞ്ചായത്ത് | കുറുന്തോട്ടിക്കൽ, പെരുമ്പെട്ടി<br>689615 |
| ശ്രീ. സന്തോഷ് കുമാർ,<br>മെമ്പർ | മെമ്പർ,<br>കൊറ്റനാട് ഗ്രാമപഞ്ചായത്ത് | ഉപ്പോലിയ്ക്കൽ നടയ്ക്കൽ, മഠത്തുചാൽ, കൊറ്റനാട് 689615 |
| ശ്രീമതി റെയ്ച്ചൽ കുരുവിള,<br>മെമ്പർ | മെമ്പർ,<br>കൊറ്റനാട് ഗ്രാമപഞ്ചായത്ത് | പുത്തൻപറമ്പിൽ, കളമ്പാല,<br>കൊറ്റനാട് 689615 |
| ശ്രീമതി സൂസ്സി ജേക്കബ്,<br>മെമ്പർ | മെമ്പർ,<br>കൊറ്റനാട് ഗ്രാമപഞ്ചായത്ത് | മേപ്പുറത്ത്, തീയാടിക്കൽ,<br>689613 |
| ശ്രീമതി അനിലകുമാരി,<br>മെമ്പർ | മെമ്പർ,<br>കൊറ്റനാട് ഗ്രാമപഞ്ചായത്ത് | ജയസദനം, തീയാടിക്കൽ,<br>വെള്ളയിൽ 689613 |
| ശ്രീമതി വിനോദ് കെ വി,<br>മെമ്പർ | മെമ്പർ,<br>കൊറ്റനാട് ഗ്രാമപഞ്ചായത്ത് | സരോജ, ചാലാപ്പള്ളി 689586 |
| ഡോ. ലക്ഷ്മി,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി, കൊറ്റനാട് | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി, കൊറ്റനാട് | വട്ടപ്പറമ്പിൽ,മതിൽ ഭാഗം,തിരുവല്ല. |

## **4-8** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡിക |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ. പി.2-23/98/ 2.2.99/5-2-2000 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.4-288/03/ 6.8.2003/28.11.2003 | 2 |
| 1997-98 (വരവ്-ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.4/288/03 6.8.2004/28.11.2004 | |
| 1998-99 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ. പി.5/248/06 9.11.2006/12.11.2007 | 2 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.4-223/2003 3.3.2003/5.6.2003 | 4 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി.4.127/2004 15.05.2004/19.07.2004 | 1 |
| 2001-02 (ജ.ആ ) | എൽ.എഫ്.പി.റ്റി.എ. പി.4-126/04 15.05.2004/19.07.2004 | 4 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി.5/726/07 10.10.2007 | 9 |
| 2003-04 | എൽ.എഫ്.പി.റ്റി.എ. പി.8/205/2010 4.10.2010/29.07.2011 | 9 |
| 2004-05 | എൽ.എഫ്.പി.റ്റി.എ. പി.7/901/11 14.05.2014 | മുഴുവൻ ഖണ്ഡികകളും |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി.7/896/2011 7.12.2011/20.11.2012 | 7 |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി.7/452/2012 19.07.2012/14.05.2014 | മുഴുവൻ ഖണ്ഡികകളും |
| 2007-08 | എൽ.എഫ്.പി.റ്റി.എ. പി.7/453/2012 19.07.2012/6.3.2013 | “ |
| 2008-09 | എൽ.എഫ്.പി.റ്റി.എ. പി.7/454/2012 19.07.2012/6.3.2013 | “ |
| 2009-10 | എൽ.എഫ്.പി.റ്റി.എ. പി.7/455/2012 19.07.2012/6.3.2013 | “ |
| 2010-11 | എൽ.എഫ്.പി.റ്റി.എ. പി.7/456/2012 19.07.2012/6.3.2013 | “ |
| 2011-12& 2012-13 | എൽ.എഫ്.പി.റ്റി.എ. പി7/33/2014 24-04-14/13-05-14 | “ |
| 2013-14 | എൽ.എഫ്.പി.റ്റി.എ. പി8/536/2015 01-07-2015 | “ |
| 2014-15 | എൽ.എഫ്.പി.റ്റി.എ. പി7/698/2016 22-06-2016 | “ |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി 7/1382/16 , 03-01-2017 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

**1**

## അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി.7/1181/17 തീയതി:04.11.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

**2**

# AUDIT CERTIFICATE

**No.KSAPTA.P7.1181/17** **Dated:04.11.2017**

Certified that I have Audited the Annual Financial Statement of Kottanad Grama Panchayat in Pathanamthitta district for the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kottanad Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit

Department

Pathanamthitta